"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - LID&EW - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം മുഖേന നിയമനം നൽകിയും, അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ചും, മുൻ ഉത്തരവിൽ ഭേദഗതികൾ വരുത്തിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1554/2026/LSGD തീയതി,തിരുവനന്തപുരം, 19-08-2026

---

പരാമർശം:- 1. G.O (P) No.20/2026/LSGD തീയതി 09.03.2026

2. സ.ഉ(സാധാ) നം.1413/2026/LSGD തീയതി 31.07.2026

**ഉത്തരവ്**

പരാമർ ശം (2) ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ വിവിധ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി നിയമനം നടത്തിയിരുന്നു. പ്രസ്തുത ഉത്തരവിൽ ഭരണപരമായ അനിവാര്യത പരിഗണിച്ച് ചുവടെപ്പറയുന്ന ഭേദഗതികൾ വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

**I. 95,600 - 1,53,200 രൂപ ശമ്പള സ്കെയിലിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം നൽകിയുള്ള നിയമനവും, അന്യത്രസേവനം ദീർഘിപ്പിക്കലും.**

**സ്ഥാനക്കയറ്റം:**

**1.** കൊല്ലം ജില്ലയിലെ ചവറ ബ്ലോക്ക് പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ലത വി. (PEN: 678070)-യ്ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി കാസർഗോഡ് PMGSY PIU-ൽ നിയമിക്കുന്നു.

**അന്യത്രസേവനം ദീർഘിപ്പിക്കൽ:**

2 . KILA KIIFB PMU-ൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന

എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ഫിബിമോൾ ഫ്രാൻസിസ് (PEN: 458317)-ന്റെ KILA KIIFB PMU-ലെ അന്യത്രസേവനം 22.01.2026 മുതൽ ഒരു വർഷത്തേക്ക് കൂടി, അന്യത്രസേവന വ്യവസ്ഥകൾക്ക് വിധേയമായി ദീർഘിപ്പിച്ച് നൽകുന്നു.

3 . KILA KIIFB PMU-ൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. സബിത എസ്. വാളങ്കൽ (PEN: 187204)-ന്റെ KILA KIIFB PMU-ലെ അന്യത്രസേവനം 06.08.2026 മുതൽ ഒരു വർഷത്തേക്ക് കൂടി, അന്യത്രസേവന വ്യവസ്ഥകൾക്ക് വിധേയമായി ദീർഘിപ്പിച്ച് നൽകുന്നു.

**II. 59,300 – 1,20,900 രൂപ ശമ്പള സ്കെയിലിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്കുള്ള സ്ഥലംമാറ്റം/സ്ഥാനക്കയറ്റം നൽകിയുള്ള നിയമനവും, ഉത്തരവിലെ ഭേദഗതിയും.**

1.കണ്ണൂർ കോർപ്പറേഷനിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജോസ് എച്ച്. ജോൺസ് (PEN: 605073)-നെ പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അബു സെയിദ് എസ്. (PEN: 680229)-നെ സ്ഥലംമാറ്റുന്നതുമൂലം ഉണ്ടാകുന്ന ഒഴിവിൽ നിയമിക്കുന്നു.

2. സ്ഥലംമാറ്റപ്പെടുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. അബു സെയിദ് എസ് (PEN: 680229)- നെ ശ്രീമതി. ലത വി (പെൻ- 678070) –യ്ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയത് മുഖാന്തിരമുണ്ടായ ഒഴിവിൽ കൊല്ലം ജില്ലയിലെ ചവറ ബ്ലോക്ക് പഞ്ചായത്തിൽ നിയമിക്കുന്നു.

3.മലപ്പുറം ജില്ലയിലെ പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ലിയോ എൽ. ജോസ് (PEN: 691093)-നെ തിരുവനന്തപുരം കോർപ്പറേഷനിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

4. തിരുവനന്തപുരം KILA KIIFB-ൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ബിന്ദു ജെ.എൽ. (PEN: 106625)-നെ തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. സുമ എസ്. (PEN: 309315)-നെ സ്ഥലംമാറ്റുന്നതുമൂലം ഉണ്ടാകുന്ന ഒഴിവിൽ നിയമിക്കുന്നു.

5. സ്ഥലംമാറ്റപ്പെടുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. സുമ എസ്.(PEN: 309315)-നെ പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ദീപ ബി.ആർ. (PEN: 690873)-നെ സ്ഥലംമാറ്റുന്നതുമൂലം ഉണ്ടാകുന്ന ഒഴിവിൽ നിയമിക്കുന്നു.

6. പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ നിന്നും സ്ഥലംമാറ്റപ്പെടുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ദീപ ബി.ആർ. (PEN: 690873)-നെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. രാധാമണി കെ.എൻ. (PEN: 640646)-നെ സ്ഥലംമാറ്റുന്നതുമൂലം ഉണ്ടാകുന്ന ഒഴിവിൽ നിയമിക്കുന്നു.

7. സ്ഥലംമാറ്റപ്പെടുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. രാധാമണി കെ.എൻ. (PEN: 640646)- നെ KILA KIIFB-ൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ബിന്ദു ജെ.എൽ. (PEN: 106625)-നെ സ്ഥലംമാറ്റുന്നതുമൂലം ഉണ്ടാകുന്ന ഒഴിവിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നു.

8. പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ഷൈലജ സി കെ (PEN:130542) –യെയും തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. അനുപമ വി (PEN: 504459)- യെയും പരസ്പരം സ്ഥലം മാറ്റി നിയമിക്കുന്നു.

9. പരാമർശം (2) ഉത്തരവിൽ , ക്രമ നം. 7. "ഇടുക്കി ജില്ലയിലെ എരുമാട്ടി ഗ്രാമ പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വിപിൻ ദാസ് എം.എസ്. (PEN: 708783)-ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി തിരുവനന്തപുരം കോർപ്പറേഷനിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു" എന്നത്, "തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമ പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വിപിൻ ദാസ് എം.എസ്. (PEN: 708783)-ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ നിയമിക്കുന്നു" എന്ന് തിരുത്തൽ വരുത്തുന്നു.

10. പരാമർശം (2) ഉത്തരവിൽ, ക്രമ നം. 12. "കണ്ണൂർ ജില്ലയിലെ കങ്കോൽ ആലപ്പടമ്പ ഗ്രാമ പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ശ്രീകുമാർ മാപ്പിള വളപ്പിൽ (PEN: 702801)-ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു" എന്നത്, "മലപ്പുറം ജില്ലയിലെ തിരൂർ മുനിസിപ്പാലിറ്റിയിൽ നിയമിക്കുന്നു" എന്ന് തിരുത്തൽ വരുത്തുന്നു.

മേൽപ്പറഞ്ഞ ഭേദഗതികളോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്.

സ്ഥാനക്കയറ്റം / സ്ഥലംമാറ്റം മുഖേന നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർ ഉടൻ ബന്ധപ്പെട്ട തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതും, ജോലിയിൽ പ്രവേശിച്ചതിന്റെ റിപ്പോർട്ട് (RTC)

സർ ക്കാരിൽ **lsgdewbdept@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഇന്ദു.എസ്.

അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ& ഇ /ഓഡിറ്റ് തിരുവനന്തപുരം)
4. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
6. വെബ് & മീഡിയ ,വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം
Digitally signed by
Keerthi I P
Date: 19-08-2026
12:46:10

സെക്ഷൻ ഓഫീസർ